ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് 30'x8'x2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം 1,00,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 50,000 രൂപ അനുവദിക്കുന്നതാണ്.

വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 57 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 5 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവ വളങ്ങൾ, പൂച്ചെടികൾ, ജൈവ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി വിതരണം ചെയ്യുവരുന്നു. 'ഹരിത നഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഹൈടെക് കൃഷി

141 (2975) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി രീതി വ്യാപിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈടെക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നതാണ്.

1. സംരക്ഷിത കൃഷി രീതി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു.

4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്പ്ലവർ, ലൂസ് ഫ്ലവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.

കുറഞ്ഞ അധ്വാനമുപയോഗിച്ച് കൃഷി സാധ്യമാക്കുക.

(സി)

- സംസ്ഥാന /ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.
- നിർമ്മാണ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി.
- ആർക്ക് ജിസ് സോഫ്റ്റ്വെയർ മുഖേന പോളീഹൗസ് മോണിറ്ററിംഗ് സാധ്യമാക്കി.
- കർഷക കൂട്ടായ്മകൾ രൂപീകരിച്ചു.

കൂടാതെ ഹൈടെക് കൃഷി പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്കിൽ ചെലവാകുന്ന 3.74 ലക്ഷം രൂപയുടെ 75 ശതമാനം തുകയായ 2,80,500 കർഷകർക്ക് ധനസഹായമായി നൽകുന്നു.

ഗുണമേന്മ ഇല്ലാത്ത വിത്ത് വിതരണം

142 (2976) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കർഷകർക്ക് കൃഷിവകുപ്പിൽ നിന്നും ഗുണമേന്മ ഇല്ലാത്ത വിത്ത് വിതരണം ചെയ്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഗുണമേന്മ ഇല്ലാത്ത വിത്ത് എവിടെ നിന്നാണ് സംഭരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) ഗുണമേന്മ ഇല്ലാത്ത വിത്ത് ഉപയോഗിച്ച് കൃഷി ചെയ്തതിലൂടെ കർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly